Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 2/2020**

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,**

കൊറോണാ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും സ്വീകരിക്കേണ്ട ചില മുൻകരുതൽ നിർദ്ദേശങ്ങൾ ഞാൻ നിങ്ങളെ അറിയിക്കുകയാണ്.

1) 2020 മാർച്ച് മാസം 31-ാം തീയതി വരെ ഇടവകയിലെ ഊട്ട് നേർച്ച, ധ്യാനങ്ങൾ, കുടുംബയൂണിറ്റ് മീറ്റിംഗുകൾ, വിശ്വാസപരിശീലന ക്ലാസ്സുകൾ, കൺവെൻഷനുകൾ, തീർത്ഥാടനം എന്നിവ ഉൾപ്പെടെ സാധിക്കുന്ന എല്ലാ ഒത്തുചേരലുകളും ആഘോഷങ്ങളും ഒഴിവാക്കേണ്ടതാണ്.

2) ദേവാലയത്തിൽ വി. കുർബാന അർപ്പണം മാത്രം മതിയാകും. വി. കുർബാന ഈശോയുടെ തിരുശരീരത്തിന്റെ സാദൃശ്യത്തിൽമാത്രം കൈകളിൽ നൽകുക. സമാധാന ആശംസ കൂപ്പുകൈകളോടെ പരസ്പരം ആശംസിക്കുക; കൈകളിൽ സ്പർശിക്കേണ്ടതില്ല. വി. കുർബാന നൽകുന്നവർ അതിനു തൊട്ടുമുമ്പായി സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കേണ്ടതാണ്.

3) ദേവാലയ കവാടത്തോട് ചേർന്ന് ഹന്നാൻ വെള്ളം സൂക്ഷിക്കേണ്ടതില്ല. ഹന്നാൻ വെള്ളത്തിൽ വിരൽ തൊട്ട് കുരിശ് വരയ്ക്കുന്നത് ഒഴിവാക്കാനാണിത്.

4) ദേവാലയത്തിലെ തിരുസ്വരൂപങ്ങൾ, വിശുദ്ധ വസ്തുക്കൾ ഇവ തൊട്ടുമുത്തുകയോ ചുംബിക്കുകയോ ചെയ്യുന്നതിനു പകരം കൈകൂപ്പി വണങ്ങിയാൽ മതിയാകും.

5) മൃതസംസ്കാരശുശ്രൂഷയ്ക്ക് ജനപങ്കാളിത്തം പരമാവധി കുറയ്ക്കുക.

6) ഈ വിഷയവുമായി ബന്ധപ്പെട്ട് കേരള സർക്കാരും ആരോഗ്യ വകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനെതന്നെ ചികിത്സ തേടുക. മറ്റുള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കാൻ പൊതുപരിപാടികളിൽ പങ്കെടുക്കാതിരിക്കുക.

സാഹചര്യങ്ങൾ വിലയിരുത്തി ആവശ്യമെങ്കിൽ തുടർനിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും. ജാഗ്രതയോടെ ഈ പ്രശ്നത്തെ നേരിടാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. ഈ പകർച്ചവ്യാധിയിൽ നിന്ന് ലോകത്തെ രക്ഷിക്കണമേയെന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

കാരുണ്യവാനായ ദൈവം നിങ്ങളെ എല്ലാവരേയും കാത്തുസംരക്ഷിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ A Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
**മെത്രാപ്പോലീത്തൻ വികാരി**
**എറണാകുളം-അങ്കമാലി മേജർ അതിരൂപത**
10/03/2020

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

വി. കുർബാനയിലെ കാറോസൂസ പ്രാർത്ഥനയോട് ചേർത്ത് താഴെയുള്ള പ്രാർത്ഥന ചൊല്ലേണ്ടതാണ്.

**കാറോസൂസ പ്രാർത്ഥന**

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവേ, കൊറോണാ വൈറസ് മൂലം രോഗബാധിതരായി കഴിയുന്ന ലോകമെമ്പാടുമുള്ള ഞങ്ങളുടെ സഹോദരങ്ങളെ സുഖപ്പെടുത്തണമെന്നും രോഗബാധയിൽനിന്ന് ഞങ്ങളെയും രോഗിശുശ്രൂഷകരേയും സംരക്ഷിക്കണമെന്നും ഈ പകർച്ചവ്യാധിയെ പ്രതിരോധിക്കുവാൻ ആവശ്യമായ മാർഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.